


# ജെൻഡറും പ്രാദേശിക ഭരണവും
# ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

## ജെൻഡർ സ്ക്കൂൾ ഫോർ ലോക്കൽ ഗവേണൻസ്

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

കേരളത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന അധികാര വികേന്ദ്രീകരണ പ്രക്രിയയും ജനകീയാസൂത്രണവും ഒട്ടേറെ നൂതന മാതൃകകൾ സൃഷ്ടിച്ചു കൊണ്ട് ശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ളതാണ്. തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും, വികേന്ദ്രീകൃത ആസൂത്രണ നിർവ്വഹണ ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരുടെ പരിശീലനത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കുമായി 1990ൽ കേരള സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ രൂപീകരിച്ച പരിശീലനകേന്ദ്രമാണ് കില.

കേരളത്തിൽ തദ്ദേശഭരണസംവിധാനങ്ങൾ വഴി നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും ജെൻഡർ അവബോധത്തോടെയും എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിയും ആകേണ്ടതുണ്ട്. മേൽ ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി കിലയിലെ ജെൻഡർ സ്ക്കൂൾ ഫോർ ലോക്കൽ ഗവേണൻസ് **'ജെൻഡറും പ്രാദേശിക ഭരണവും' എന്ന വിഷയത്തിൽ 4 മാസ സർഫിക്കറ്റ് കോഴ്സ്** ആരംഭിക്കുകയാണ്.
ജെൻഡർ ആശയങ്ങൾ, സിദ്ധാന്തങ്ങൾ മനസ്സിലാക്കന്നതോടൊപ്പം പ്രായോഗികമായ അനുഭവങ്ങളിലൂടെ ഓരോ സംവിധാനങ്ങളും എങ്ങനെ ജെൻഡർ സൗഹൃദപരമാക്കാം എന്നത് സംബന്ധിച്ച കൃത്യമായ ധാരണ ഇത് വഴി സൃഷ്ടിക്കാനാവും.

# ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്

## കോഴ്സിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

- ജെൻഡറും തദ്ദേശ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാഗത്ഭ്യം വളർത്തിയെടുക്കുക.
- ലിംഗപദവിയെ കുറിച്ചും ലിംഗപദവി ബന്ധങ്ങളെക്കുറിച്ചും വ്യക്തത വരുത്തുക.
- തദ്ദേശ സ്വയം ഭരണ പദ്ധതികൾ ജെൻഡർ കാഴ്ചപ്പാടോടുകൂടിയാക്കുക.
- അനുഭവങ്ങളുടെയും നിരീക്ഷണങ്ങളുടെയും സാമാന്യവൽക്കരണത്തിലൂടെയും ലിംഗപദവി ആശയങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെ പ്രയോഗികവത്ക്കരിക്കാം എന്ന് മനസ്സിലാക്കുക.

## കോഴ്സിന്റെ ഘടന

- അപേക്ഷകർ–തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജെൻഡറും പ്രദേശിക ഭരണവും എന്ന വിഷയത്തിൽ താൽപര്യമുള്ള ആർക്കും.
- കോഴ്സ് പഠന കാലാവധി – 4 മാസം
- ആഴ്ച്ചയിൽ 3 മണിക്കൂർ ഓൺലൈൻ പഠനം
- പഠനബോധന ഭാഷ – മലയാളം/ഇംഗ്ലീഷ്

## കോഴ്സിന്റെ പഠനരീതി

വെർച്ചൽ ക്ലാസ്സ് റൂം – ഓൺലൈൻ പഠനം, വീഡിയോ ലക്ചറിംഗ്, നിർദ്ദേശ പ്രകാരമുള്ള വായന, ഓൺലൈൻ ഡിസ്ക്കഷൻ ഫോറം, ഡോക്യൂമെന്ററീസ്.

## കോഴ്സ് വിലയിരുത്തൽ

- അസൈൻമെന്റ് സമർപ്പണം, സ്വയം വിലയിരുത്തൽ, ഓൺലൈൻ ഒബ്ജക്റ്റീവ് പരീക്ഷ ഇവയുടെ അടിസ്ഥാനത്തിൽ
- ഓരോ വിലയിരുത്തൽ ഘട്ടങ്ങളും പൂർത്തിയാക്കി വിജയിച്ച പഠിതാക്കൾക്ക് കിലസർട്ടിഫിക്കറ്റ് നൽകുന്നതാണ്.
- താല്പര്യമുള്ള ആർക്കും കോഴ്സ് ഓഡിറ്റ് ചെയ്യാവുന്നതാണ്.

## പഠന വിഷയങ്ങൾ

- കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനവും വികേന്ദ്രീകൃത ആസൂത്രണവും
- ജെൻഡർ സൗഹൃദ തദ്ദേശ ഭരണം
- ജെൻഡർ–അനുബന്ധ ആശയങ്ങളും ചിന്താധാരകളും
- ജെൻഡർ സാമൂഹ്യവത്കരണ രീതികൾ
- കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം
- സമകാലിക സ്ത്രീ മുന്നേറ്റങ്ങളും, സ്ത്രീ സംരംഭങ്ങളും
- വികസനവും ലിംഗ പദവി സമീപനവും
- ജെൻഡർ അനുബന്ധ പ്ലാനിംഗ്, ബജറ്റിംഗ്, ഓഡിറ്റിംഗ്
- ലിംഗ നീതിക്കായുള്ള പൊതു സംവിധാനങ്ങളും ഇടപെടലുകളും

## പ്രവേശനം

അപേക്ഷിക്കുവാൻ താൽപര്യമുള്ളവർ കിലയുടെ വെബ്സൈറ്റിൽ ലഭ്യമായ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിക്കേണ്ടതാണ്. അപേക്ഷിക്കാനുള്ള അവസാന തിയ്യതി : ജൂൺ 20

വിശദാംശങ്ങൾക്ക് www.kila.ac.in സന്ദർശിക്കുക.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ് പി.ഒ, തൃശ്ശൂർ – 680581
ഫോൺ: 0487 2207000, 0487 2201062 (ഫാക്സ്)
Email: info@kila.ac.in, Website: www.kila.ac.in

വിനീത. എം (കോഴ്സ് ഡയറക്ടർ)
ലക്ച്ചറർ ജെൻഡർ സ്റ്റഡീസ്
കൂടുതൽ വിവരങ്ങൾക്ക് :
റിസ്മിയ. ആർ.ഐ (കോഴ്സ് കോഡിനേറ്റർ)
ഫോൺ : 9633805474